കെ.സി ജലീൽ പുളിക്കൽ

# സംസ്‌കരണത്തിന്റെ മൂലശിലകൾ

عَنْ أَبِي أَيُّوبَ الْأَنْصَارِى(ر) قالَ: جَاءَ رَجُلٌ إِلَى النَّبِيِّ - صلى الله عليه وسلم - فَقَالَ: عِظْنِي وَأَوْجِزْ . فَقَالَ: إِذَا قُمْتَ فِي صَلَاتِكَ فَصَلِّ صَلَاةَ مُوَدِّعٍ ، وَلاَ تَكَلَّمْ بِكَلَامٍ تَعْتَذِرُ مِنْهُ غَدًا وَأَجْمِعِ الْيَأْسَ مِمَّا فِي يَدِي النَّاسِ .

**അബൂഅയ്യൂബുൽ അൻസാരി(റ)യിൽനിന്ന് നിവേദനം: ഒരാൾ നബി(സ)യുടെ അടുത്തുവന്ന് പറഞ്ഞു: എനിക്ക് സംക്ഷിപ്തമായി ഉപദേശം നൽകിയാലും. നബി പറഞ്ഞു: നീ നമസ്കരിക്കാൻ നിന്നാൽ ഈ ലോകത്തോട് യാത്ര പറഞ്ഞു പോകുന്നവന്റെ നമസ്കാരം നിർവഹിക്കുക. നാളെ ഒഴികഴിവ് പറയേണ്ടിവരുന്ന ഒരു വാക്കും പറയാതിരിക്കുക. ജനങ്ങളുടെ കൈയിലുള്ളതിനെ സംബന്ധിച്ച് നീ നിരാശനാവുക (അഹ്മദ് – 23498, ഇബ്നുമാജ – 4171).**

മൂന്ന് കാര്യങ്ങളാണ് ഈ നബിവചനത്തിലുള്ളത്. ഒന്നാമത്തെ കാര്യം നമസ്കാരം തന്നെ. നബി(സ) അരുളി: ''ഇസ്‌ലാമാണ് മുഖ്യകാര്യം, അതിന്റെ നെടുംതൂണാകട്ടെ നമസ്കാരവും. അത് സ്ഥാപിച്ചവൻ ദീനിനെ സ്ഥാപിച്ചു, അതിനെ തകർത്തവൻ ദീനിനെ തകർത്തു.'' അഥവാ മനുഷ്യജീവിതത്തിന്റെ സംരക്ഷണ സൗധം ഇസ്‌ലാം. അതിന്റെ സകല വശങ്ങളെയും ഒന്നിപ്പിച്ച് താങ്ങിനിർത്തുന്ന നെടുംതൂൺ നമസ്കാരം. അതുകൊണ്ടാണ് 'നമസ്കാരമുപേക്ഷിച്ചവൻ ഇസ്‌ലാമിനെയും ഉപേക്ഷിച്ചു' എന്ന് പ്രവാചകൻ പറഞ്ഞത്. മറ്റൊരു ഭാഷയിൽ, 'ഒരാൾ വിശ്വാസ പ്രതിജ്ഞ(ശഹാദത്ത്) യെടുക്കുന്നതോടെ അല്ലാഹുവുമായി നേരിട്ട് ബന്ധം സ്ഥാപിക്കുകയാണ്.'

അല്ലാഹുവുമായുള്ള ഈ സ്നേഹബന്ധത്തിലൂടെ മാത്രമേ കറുത്തുറ്റ വിശ്വാസമാർജിച്ച് ആർജവത്തോടെ മുന്നോട്ടു നീങ്ങാൻ സാധ്യമാവുകയുള്ളൂ. അഞ്ചുനേരത്തെ നിർബന്ധ നമസ്കാരം ഈ വിശ്വാസദാർഢ്യമാർജിക്കാൻ വേണ്ടിയുള്ളതാണ്.

അല്ലാഹുവുമായുള്ള അഭിമുഖ സംഭാഷണമാണ് നമസ്കാരം. അഥവാ ബാഹ്യലോകവുമായുള്ള ബന്ധം വിഛേദിച്ച്, അല്ലാഹു മാത്രമാണ് മഹാശക്തിയെന്ന് മനസ്സറിഞ്ഞ് പ്രഖ്യാപിച്ചുകൊണ്ട് പ്രാരംഭപ്രാർഥന നടത്തുന്നതോടെ അല്ലാഹുവോട് നേരിട്ടുള്ള അഭിമുഖം ആരംഭിക്കുകയാണ്. അല്ലാഹുവിന്റെ ശക്തിയും കഴിവും അതിരറ്റ അനുഗ്രഹവും കാരുണ്യവും എടുത്തു പറഞ്ഞ്, തന്റെ അശക്തിയും നിസ്സഹായതയും ഏറ്റുപറഞ്ഞ്, വഴിയറിയാത്ത നിസ്സഹായനായ ഈ വിനയാന്വിതനായ അടിമയെ കൂരിരുളിൽനിന്ന് രക്ഷിച്ച് സന്മാർഗത്തിന്റെ പാതയിലൂടെ നയിച്ചാലും എന്ന് താഴ്മയായി പറയുകയാണ്.

അടുത്ത നിമിഷം താൻ ഇഹലോകത്തോട് എന്നെന്നേക്കുമായി വിടപറയും, തന്റെ നാഥനുമായുള്ള അവസാന 'മുനാജാത്ത്' ആണിതെന്ന മനസ്സോടെയുള്ള നമസ്കാരം, ഏകാഗ്രതയും ഭയഭക്തിയും മറ്റെല്ലാ സവിശേഷതകളും ഒത്തിണങ്ങിയതായിത്തീരും എന്ന് പറയേണ്ടതില്ലല്ലോ.

'നാളെ ക്ഷമ ചോദിക്കേണ്ടിവരുന്ന ഒരു വാക്കും നീ പറയരുത്' – ഇതാണ് നബിവചനത്തിലെ രണ്ടാമത്തെ നിർദേശം. വായിൽനിന്ന് പുറത്തുവിട്ട വാക്ക് തിരിച്ചുപിടിക്കാനാകില്ല. വാക്ക് അഹിതമോ കടുത്തതോ അസത്യജഡിലമോ ആണെങ്കിൽ അതിന്റെ ദുരന്തം അനുഭവിച്ചേ തീരൂ. പറഞ്ഞ വ്യക്തിയിലത് ഒതുങ്ങിക്കൊള്ളണമെന്നുമില്ല. തന്റെ കുടുംബവും സമുദായവും ചിലപ്പോൾ തന്റെ രാഷ്ട്രം വരെ ആ നാക്കുപിഴയുടെ വിപത്ത് അനുഭവിക്കേണ്ടി വന്നേക്കും. തീരാ ശത്രുതക്കും വ്യക്തി വൈരാഗ്യത്തിനും കൊലപാതകത്തിനുമെല്ലാം നിമിത്തമായിത്തീർന്ന വാക്കുകൾ എത്ര!

'ഒരൊറ്റ വാക്ക് ചിലപ്പോൾ അവിശ്വാസത്തിലേക്കും അതുവഴി നരകത്തിലേക്കും എത്തിച്ചേക്കും' എന്ന് പ്രവാചകൻ താക്കീത് ചെയ്തിട്ടുണ്ട്. ശ്രദ്ധിക്കാതെ നിരന്തരം സംസാരിക്കുന്നവർക്ക് പാരത്രിക ജീവിതത്തിൽ അനുഭവിക്കേണ്ടിവരുന്ന ഗതിയും പ്രവാചകൻ ഓർമിപ്പിച്ചിട്ടുണ്ട്. 'മൗനം എത്ര യുക്തിഭദ്രം, എന്നാലത് പ്രാവർത്തികമാക്കുന്നവർ എത്ര വിരളം' എന്നാണ് പ്രവാചകൻ പ്രസ്താവിച്ചത്. തന്റെ സംസാരം അപരന് പ്രയാസമുണ്ടാക്കിയോ എന്ന് സംശയിക്കേണ്ടിവരുന്ന സംസാരം പോലും ശ്രദ്ധിക്കണമെന്നാണ് നബി(സ) ഉണർത്തുന്നത്.

'ജനങ്ങളുടെ പക്കലുള്ളതിനെ സംബന്ധിച്ച് നീ നിരാശനാവുക' എന്നതാണ് മൂന്നാമത്തെ നിർദേശം. ഇക്കാര്യം പ്രവാചകൻ മറ്റൊരു വചനത്തിൽ ഉണർത്തിയിട്ടുണ്ട്: ''ജനങ്ങളുടെ അടുത്തുള്ളതിൽ വിരക്തി കാണിക്കുക, എങ്കിൽ ജനങ്ങൾ നിന്നെ ഇഷ്ടപ്പെടും.'' ഉള്ളതിൽ സംതൃപ്തനായി, ദാരിദ്ര്യം പ്രകടമാക്കാതെ മാന്യത പുലർത്താനാണ് ഖുർആനും നബിവചനങ്ങളും പ്രോത്സാഹിപ്പിക്കുന്നത്. പരിചയമില്ലാത്തവർ ധനികരാണെന്ന് ധരിച്ചുപോകുന്ന ദരിദ്രരെ കണ്ടെത്തി രഹസ്യമായി നൽകാനാണ് ഖുർആൻ പറയുന്നത്.

വ്യക്തിതലം മുതൽ സാമൂഹിക തലം വരെ, ആത്മീയ തലം മുതൽ ഭൗതികതലം വരെ മനുഷ്യ ജീവിതത്തെ സമഗ്രമായി സംസ്കരിക്കാൻ അനിവാര്യമായ മൂന്ന് കാര്യങ്ങളാണ് ഈ നബിവചനത്തിലെ ഉള്ളടക്കം. ഇസ്‌ലാമിക പ്രവർത്തകരുടെ തർബിയത്തിന് ഒഴിച്ചുകൂടാത്ത ഘടകങ്ങളുമാണിവ. ●